(ജി) ഐ.എ.എസ്., ഐ.പി.എസ്.കാർ ജോലി നോക്കുന്ന കമ്പനികളിലും ഇതര പൊതുമേഖലാ സ്ഥാപനങ്ങളിലും അവർ കൈകാര്യം ചെയ്യുന്ന തസ്തിക ഐ. എ. എ സ്., ഐ. പി. എ സ്. നിർബന്ധമുള്ള വയാണോ എന്നും വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന കേഡറിൽ ഇപ്പോൾ 177 ഐ. എ. എ സ്. ഓഫീസർമാരുണ്ട്. ഇതിൽ 117 പേർ സംസ്ഥാനത്ത് ജോലി ചെയ്യുന്നു.

(ബി) ഇവരിൽ 50 പേർ സംസ്ഥാന സർവ്വീസിൽ നിന്ന് പ്രൊമോഷൻ വഴിയും സെലക്ഷൻ വഴിയും നിയമനം ലഭിച്ചിട്ടുള്ളവരാണ്. ബാക്കിയുള്ള ഓഫീസർമാർ സംസ്ഥാന കേഡറിൽ നേരിട്ട് നിയമനം ലഭിച്ചിട്ടുള്ളവരാണ്.

(സി) അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്*.

(ഡി) സംസ്ഥാന കേഡറിൽ ഇപ്പോൾ മൊത്തം 97 പേരുണ്ട്. അതിൽ 79 പേർ സംസ്ഥാനത്ത് ജോലി ചെയ്യുന്നു.

(ഇ) ഇവരിൽ 21 പേർ സംസ്ഥാന പോലീസ് സർവ്വീസിൽ നിന്നും പ്രൊമോഷൻ വഴി നിയമനം ലഭിച്ചവരാണ്. ബാക്കിയുള്ള ഓഫീസർമാർ സംസ്ഥാന കേഡറിൽ നേരിട്ട് നിയമനം ലഭിച്ചവരാണ്.

(എഫ്) അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്*.

(ജി) ഐ.എ.എസ്., ഐ.പി.എസ്. തസ്തികയിൽ ഉള്ള ഓഫീസർമാരുടെ സേവനം പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായതിനാലാണ് ഇവരെ പ്രസ്തുത സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ളത്.

എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള പി.എസ്.സി. നിയമനം

116 (766) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് ഏതെല്ലാം ജില്ലകളിലാണ് നിലവിലുള്ളത് എന്നറിയിക്കുമോ ;

(ബി) ഇതിൽ ഏതൊക്കെ ജില്ലകളിൽ എത്രപേർക്ക് വീതം നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ എൽ.പി./യു.പി. അസിസ്റ്റന്റ്മാരുടെ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരുന്നതെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാതിരിക്കുവാൻ കാരണമെന്താണെന്നും അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഈ അദ്ധ്യയന വർഷത്തിൽ തന്നെ നിയമനം നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും നിലവിലുണ്ട്.

(ബി)

തിരുവനന്തപുരം ജില്ല	- 56	പേർക്ക് നിയമനം നൽകി
കൊല്ലം ജില്ല	- 85	"
പത്തനംതിട്ട ജില്ല	- 18	"
ആലപ്പുഴ ജില്ല	- 134	"
കോട്ടയം ജില്ല	- 119	"
ഇടുക്കി ജില്ല	- 23	"
എറണാകുളം ജില്ല	- 200	"
തൃശൂർ ജില്ല	- 74	"
പാലക്കാട് ജില്ല	- 50	"
മലപ്പുറം ജില്ല	- 179	"
വയനാട് ജില്ല	- 17	"
കണ്ണൂർ ജില്ല	- 60	"

(സി) കാസർഗോഡ് ജില്ലയിൽ മലയാളം - 175, കന്നട - 5 ആകെ - 180 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരുന്നത്. പുതിയ തസ്തികകളിൽ നിയമനം നൽകുന്നതിന് ഇപ്പോൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്.

(ഡി) സ്വീകരിക്കുന്നതാണ്.

പോലീസ് സേനയുടെ നവീകരണം

117 (768) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പോലീസ് സേനാ നവീകരണത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ആകെ എന്തുതുക ചെലവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി കേന്ദ്രത്തിൽ നിന്നും എന്ത് ധനസഹായം ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പോലീസ് സേനയുടെ കാര്യക്ഷമതയ്ക്കും ഗുണപരമായ പ്രവർത്തനത്തിനും ഫലസിദ്ധി ഉണ്ടായിട്ടുണ്ടോ എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly